# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.10.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ത്രീരാഷ്ട്ര ആഫ്രിക്കൻ സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപതി മുർമു മലാവിയിൽ നിന്ന് ന്യൂഡൽഹിയിലേക്ക് യാത്ര തിരിച്ചു.

   **President Draupadi Murmu has left Malawi for New Delhi after completing a three-nation African visit.**

2. വിദ്യാഭ്യാസത്തിൻറെ വാണിജ്യവത്കരണം ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.

   **Vice President Jagdeep Dhankhar said that the commercialization of education is adversely affecting its quality.**

3. കർമ്മയോഗി സപ്താഹ് -ദേശീയ പഠന വാരത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു.

   **Karma Yogi Saptah - National Learning Week launched by Prime Minister Narendra Modi in New Delhi.**

4. ഇന്ത്യയും മെക്സിക്കോയും തമ്മിലുള്ള സാമ്പത്തിക സഹകരണത്തിന് വിപുലമായ സാധ്യതകളാണുള്ളതെന്ന് കേന്ദ്രധനമന്ത്രി നിർമ്മല സീതാരാമൻ. ഇന്ത്യ-മെക്സിക്കോ വ്യാപാര-നിക്ഷേപ ഉച്ചകോടിയെ മന്ത്രി അഭിസംബോധന ചെയ്തു.

   **Union Finance Minister Nirmala Sitharaman said that economic cooperation between India and Mexico has wide possibilities. The Minister addressed the India-Mexico Trade and Investment Summit.**

5. നൂതനാശയങ്ങളെ ഉത്പന്നങ്ങളും സേവനങ്ങളുമാക്കുന്നതിൽ മാനേജ്മെന്റ് വിദഗ്ധരുടെ ഇടപെടൽ അനിവാര്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Chief Minister Pinarayi Vijayan said that the involvement of management experts is essential in turning innovations into products and services.**

6. ബംഗളൂരു ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ 462 റൺസിന് പുറത്തായി. ന്യൂസിലൻഡിന് ജയിക്കാൻ 107 റൺസ്.

   **India were bowled out for 462 runs in the Bengaluru Cricket Test. 107 runs for New Zealand to win.**

**&&&&&&&&&&&&&&&&&&**

## HEAD LINE – 1

## EVE.PRESIDENT MALAWI

ത്രീരാഷ്ട്ര ആഫ്രിക്കൻ സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപതി മുർമു മലാവിയിൽ നിന്ന് ന്യൂഡൽഹിയിലേക്ക് യാത്ര തിരിച്ചു. അൾജീരിയ, മൗറിറ്റാനിയ, മലാവി എന്നീ രാജ്യങ്ങളിലാണ് രാഷ്ട്രപതി സന്ദർശനം നടത്തിയത്. മൂന്നു രാജ്യങ്ങളുടെയും നേതൃത്വവുമായി ഉഭയകക്ഷി ചർച്ചകൾ നടത്തിയ ശ്രീമതി മുർമു ഇന്ത്യൻ പ്രവാസികളുമായി ആശയവിനിമയം നടത്തുകയും ചെയ്തു.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## KARMAYOGI – PM

കർമ്മയോഗി സപ്താഹ് -ദേശീയ പഠന വാരത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു. പഠന വാരത്തിൽ ആർജിക്കുന്ന അറിവ് 2047 ലെ വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ സഹായിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. പൗര കേന്ദ്രീകൃത സമീപനം പിൻ തുടർന്ന് നൂതന ആശയങ്ങൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് അദ്ദേഹം എടുത്തു പറഞ്ഞു. കേന്ദ്ര സർക്കാർ സർവ്വീസിലേക്ക് പുതുതായി പ്രവേശിക്കുന്നവരുടെ പ്രവർത്തന മികവ് വികസിപ്പിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. 2020 സെപ്തംബറിലാണ് കേന്ദ്രസർക്കാർ കർമയോഗി ദൗത്യം ആരംഭിച്ചത്. ഇന്ത്യൻ സിവിൽ സർവീസിനെ ആഗോള കാഴ്ചപ്പാടുകൾക്ക് അധിഷ്ഠിതമായി ഭാവിയിലേക്ക് സന്നദ്ധമാക്കുകയാണ് പരിപാടിയുടെ ലക്ഷ്യം.

&&&&&&&&&&&&&&&&&&

## PM TO VISIT VARANASI

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ വാരാണസി സന്ദർശിക്കും. ഉച്ചയ്ക്ക് ആർ ജെ ശങ്കര കണ്ണാശുപത്രി ഉദ്ഘാടനം ചെയ്യുന്ന അദ്ദേഹം പിന്നീട് വാരാണസിയിലെ വിവിധ വികസന പദ്ധതികൾക്ക് തറക്കല്ലിടും. ലാൽ ബഹാദൂർ ശാസ്ത്രി അന്താരാഷ്ട്ര വിമാനത്താവളത്തിൽ പുതിയ ടെർമിനൽ, റൺവെ വിപുലീകരണം ഉൾപ്പെടെ 2,870 കോടി രൂപയുടെ വികസനത്തിന് അദ്ദേഹം

തുടക്കം കുറിക്കും. ആഗ്ര വിമാനത്താവളത്തിലെ 570 കോടി രൂപ ചെലവിൽ നിർമിക്കുന്ന New Civil Enclave ന് പ്രധാനമന്ത്രി തറക്കല്ലിടും. വാരാണസിയിലെ വിനോദ സഞ്ചാര മേഖലയിലെ വിവിധ വികസന പദ്ധതികൾക്കും ശ്രീ നരേന്ദ്ര മോദി തുടക്കം കുറിക്കും.

&&&&&&&&&&&&&&&&&&

## PM – RUSSIA

16-ാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മാസം 22ന് റഷ്യ സന്ദർശിക്കും. ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളാണ് പങ്കെടുക്കുക. "സന്തുലിതമായ ആഗോള വികസനത്തിനായുള്ള ബഹുമുഖ ശാക്തീകരണം" എന്നതാണ് ഉച്ചകോടിയുടെ പ്രമേയം.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## SIKAR VICE PRESIDENT (INTRO)

വിദ്യാഭ്യാസത്തിൻറെ വാണിജ്യവത്കരണം ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. രാജസ്ഥാനിലെ സികാറിൽ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനം സംഘടിപ്പിച്ച ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസം വാണിജ്യവത്കരിക്കുന്നത് രാഷ്ട്രത്തിൻറെ ഭാവിക്ക് ഒരിക്കലും ഗുണകരമല്ല. വിദ്യാഭ്യാസം ഒരിക്കലും വരുമാന സ്രോതസ്സായിരുന്നില്ലെന്നും ഉപരാഷ്ട്രപതി ചൂണ്ടിക്കാട്ടി. ആരോഗ്യമുള്ള സമൂഹത്തെ കെട്ടിപ്പടുക്കുന്നതിനാണ് വിദ്യാഭ്യാസമെന്നും അദ്ദേഹം പറഞ്ഞു. ഗവേഷണം, നൂതനാശയങ്ങൾ എന്നിവയുടെ ഗുണഭോക്താക്കൾ പ്രധാനമായും വ്യവസായങ്ങളാണ്. ഇന്ത്യയിൽ തന്നെ മികച്ച അവസരങ്ങളും സ്ഥാപനങ്ങളും ഉണ്ടെന്ന് വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തേണ്ടതുണ്ടെന്നും ഉപരാഷ്ട്രപതി ചൂണ്ടിക്കാട്ടി. (ഹോൾഡ്)

&&&&&&&&&&&&&&&&&&

## HEAD LINE – 4

## NIRMALA MEXICO

ഇന്ത്യയും മെക്സിക്കോയും തമ്മിലുള്ള സാമ്പത്തിക സഹകരണത്തിന് വിപുലമായ സാധ്യതകളാണുള്ളതെന്ന് കേന്ദ്രധനമന്ത്രി നിർമ്മല സീതാരാമൻ. ഔഷധ, നിർമ്മാണ, ഓട്ടോമോട്ടീവ് മേഖലകളിൽ ഉൾപ്പെടെ നിക്ഷേപത്തിനും, വളർച്ചയ്ക്കുമായി ധാരാളം അവസരങ്ങൾ രാജ്യത്തുണ്ടെന്നും മന്ത്രി ചൂണ്ടിക്കാട്ടി. മെക്സിക്കോ സിറ്റിയിൽ ഇന്ത്യ-മെക്സിക്കോ വ്യാപാര-നിക്ഷേപ ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിൽ ഇന്ത്യ ലോകത്ത് തന്നെ മുൻപന്തിയിലാണെന്ന് ശ്രീമതി നിർമ്മല സീതാരാമൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

## PRADHAN- VISIT

കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാൻ ഏഴ് ദിവസത്തെ സിംഗപൂർ, ഓസ്ട്രേലിയ സന്ദർശനത്തിനായ് നാളെ യാത്ര തിരിക്കും. സന്ദർശനത്തിന്റെ ആദ്യ പാദത്തിൽ സിംഗപൂരിൽ എത്തുന്ന അദ്ദേഹം ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യും. സിംഗപൂർ പ്രധാനമന്ത്രി, ഉപപ്രധാനമന്ത്രി മറ്റ് മുതിർന്ന നേതാക്കളുമായും ശ്രീ ധർമേന്ദ്ര പ്രധാൻ കൂടിക്കാഴ്ച നടത്തും. ഈ മാസം 23 ന് ഓസ്ട്രേലിയയിൽ എത്തുന്ന അദ്ദേഹം Australian International Education Conference - ൽ മുഖ്യപ്രഭാഷണം നടത്തും. 24 നും 25 നും വിവിധ പരിപാടികളിലും ശ്രീ ധർമേന്ദ്ര പ്രധാൻ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## RAJNATH-NDC (INTRO)

അത്യാധുനിക സാങ്കേതികവിദ്യകളിൽ നിക്ഷേപിക്കുന്നതിലൂടെ ശക്തമായ പ്രതിരോധ സംവിധാനം സൃഷ്ടിക്കാൻ രാജ്യം പ്രതിജ്ഞാബദ്ധമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് . ന്യൂഡൽഹിയിൽ നടന്ന 62-ാമത് നാഷണൽ ഡിഫൻസ് കോളേജ് എം.ഫിൽ ബിരുദദാന ചടങ്ങിൽ

സംസാരിക്കുകയായിരുന്നു അദ്ദേഹം. നിർമിത ബുദ്ധിക്ക് പ്രതിരോധ മേഖലയിൽ സമൂല മാറ്റം കൊണ്ടുവരാൻ സാധിക്കുമെന്ന് ശ്രീ രാജ് നാഥ് സിങ് പറഞ്ഞു.
(VOICE)

&&&&&&&&&&&&&&&&&&

## HEAD LINE – 5

## CM – CUSAT

നൂതനാശയങ്ങളെ ഉത്പന്നങ്ങളും സേവനങ്ങളുമാക്കുന്നതിൽ മാനേജ്മെന്റ് വിദഗ്ധരുടെ ഇടപെടൽ അനിവാര്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ വജ്രജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് നൂതനമായ മാനേജ്മെന്റ് കോഴ്സുകൾ തുടങ്ങുന്നതിനും പാഠ്യപദ്ധതികൾ പരിഷ്കരിക്കുന്നതിനും സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് മുന്നിലാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## MANDAVYA – KERALA

തിരുവനന്തപുരം സായ് LNCPE-യിലെ നവീകരിച്ച ഗോൾഫ് കോഴ്സും, പുതുതായി നിർമ്മിച്ച പെൺകുട്ടികളുടെ ഹോസ്റ്റലും കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ നാളെ ഉദ്ഘാടനം ചെയ്യും.മന്ത്രി വൈകിട്ട് തിരുവനന്തപുരത്തെത്തി. LNCPE-യിലെ പരിപാടിയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി അധ്യക്ഷത വഹിക്കും.

&&&&&&&&&&&&&&&&&&

## HEAD LINE – 6

## CRICKET

ബംഗളൂരുവിൽ  ന്യൂസിലൻഡിനെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയുടെ ആദ്യ മത്സരത്തിന്റെ  രണ്ടാം ഇന്നിംഗ്സിൽ ഇന്ത്യ 462  റൺസിന് പുറത്തായി .നാളെ അഞ്ചാം ദിനം മത്സരം പുനഃരാരംഭിക്കുമ്പോൾ  ജയിക്കാൻ ന്യൂസിലൻഡിന് 107 റൺസ് കൂടി വേണം .

&&&&&&&&&&&&&&&&&&

## NCW-CHAIRPERSON

ദേശീയ വനിത കമ്മീഷൻ അധ്യക്ഷയായി വിജയ രാഹാത്കർ - നെ നിയമിച്ചു. ഇത് സംബന്ധിച്ച വിജ്ഞാപനം വനിത - ശിശു വികസന മന്ത്രാലയം പുറത്തിറക്കി. മഹാരാഷ്ട്ര വനിത കമ്മീഷൻ അധ്യക്ഷ, ഔറംഗബാദ് മേയർ തുടങ്ങിയ ചുമതലകളും ശ്രീമതി വിജയ വഹിച്ചിട്ടുണ്ട്. ഡോ. അർച്ചന മജുംദാറിനെ ദേശീയ വനിത കമ്മീഷൻ അംഗമായും കേന്ദ്രം നിയമിച്ചു.

&&&&&&&&&&&&&&&&&&

## IIWBR SEED PORTAL

മികച്ച ഉൽപ്പാദനക്ഷമതയും രോഗ പ്രതിരോധശേഷിയുള്ള 13 ഇനം ഗോതമ്പ് വിത്തുകളുടെ വിതരണം രാജ്യത്ത് ആരംഭിച്ചു. ഗോതമ്പിൻറെയും ബാർലിയുടെയും ഗവേഷണത്തിനായുള്ള ഹര്യാനയിലെ കർണാലിലുള്ള ദേശീയ സ്ഥാപനം വഴിയാണ് വിതരണം . കേന്ദ്ര സർക്കാർ അംഗീകാരമുള്ള ഈ വിത്ത് ലഭിക്കുന്നതിന് രാജ്യത്തുടനീളം 22,000 കർഷകർ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മുൻ വർഷത്തേക്കാൾ 2 ദശലക്ഷം ടൺ അധിക ഗോതമ്പ് ഉൽപ്പാദിപ്പിക്കുകയാണ് ലക്ഷ്യമെന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.രത്തൻ തിവാരി പറഞ്ഞു.

&&&&&&&&&&&&&&&&&&

## KHADI EXHIBITION

ഗ്രാമീണ, പരമ്പരാഗത കൈതൊഴിൽ ചെയ്യുന്നവരുടെ വരുമാനം വർദ്ധിപ്പിക്കുക ലക്ഷ്യമിട്ട് ഡൽഹിയിൽ നടക്കുന്ന പ്രത്യേക ഖാദി പ്രദർശനം ശ്രദ്ധേയമാകുന്നു. സ്വദേശി ഉത്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുക, സ്വയം പര്യാപ്തത ഇന്ത്യ എന്നീ ലക്ഷ്യങ്ങളെ പിന്തുടർന്നാണ് മേള. മേള ഇന്നലെ കേന്ദ്രമന്ത്രി ജിതൻ റാം മാഞ്ചി ഉദ്ഘാടനം ചെയ്തു. ജനങ്ങൾ ഖാദി ഉത്പന്നങ്ങൾ വാങ്ങി പ്രോത്സാഹനം നൽകണമെന്ന് അദ്ദേഹം പറഞ്ഞു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഉത്പന്നങ്ങൾ മേളയിൽ ലഭ്യമാണ്. 157 സ്റ്റാളുകളാണുള്ളത്.

&&&&&&&&&&&&&&&&&&

## JHARKHAND NEW DGP

ജാർഖണ്ഡിൻ്റെ പുതിയ ഡിജിപിയായി , അജയ് സിംഗ് ചുമതലയേറ്റു. ചുമതലയുണ്ടായിരുന്ന DGP അനുരാഗ് ഗുപ്തയെ തൽസ്ഥാനത്തു നിന്ന് ഉടൻ നീക്കം ചെയ്യാൻ ഝാർഖണ്ഡ് തിരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.മുൻ തിരഞ്ഞെടുപ്പുകളിൽ നടന്ന ക്രമക്കേടുകളിലാണ് ഗുപ്തയ്ക്കെതിരെ കമ്മീഷൻ നടപടി സ്വീകരിച്ചത് .

&&&&&&&&&&&&&&&&&

## JHARKHAND – INDIA BLOCK ALLIANCE

ജാർഖണ്ഡ് നിയമസഭ തെരഞ്ഞെടുപ്പിനായുള്ള ഐഎൻഡിഐ സഖ്യത്തിന്റെ സീറ്റ് വിഭജനം പൂർത്തിയായി. ജാർഖണ്ഡ് മുക്തി മോർച്ചയും കോൺഗ്രസും 20 മണ്ഡലങ്ങളിൽ മത്സരിക്കും. ആർജെഡി, സിപിഐ-എംഎൽ കക്ഷികൾക്ക് 11 സീറ്റ് നൽകിയതായി ജെഎംഎം എക്സിക്യൂട്ടീവ് പ്രസിഡൻറ് ഹേമന്ത് സോൺ റാഞ്ചിയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&

## LIVE SERIES- NeGD

ദേശീയ ഇ-ഗവേണൻസ് വിഭാഗത്തിന്റെ , "വിദഗ്ധരോട് ചോദിക്കാം" എന്ന പ്രതിവാര തത്സമയ പരമ്പരയ്ക്കു തുടക്കമായി . സർക്കാർ ഉദ്യോഗസ്ഥരുമായും വിദഗ്ധരുമായും നേരിട്ട് ആശയവിനിമയം നടത്താനും ഡിജിറ്റൽ ഇന്ത്യ സംരംഭങ്ങളെക്കുറിച്ചു അറിയാനും പൊതുജനങ്ങൾക്ക് ഇതിലൂടെ അവസരം ലഭിക്കും .വിദ്യാഭ്യാസ സംബന്ധമായത് ഉൾപ്പെടെ സുപ്രധാന സർട്ടിഫിക്കറ്റുകളും രേഖകളും ഡിജിറ്റലായി സൂക്ഷിക്കാനും പരിശോധിക്കാനും പങ്കിടാനും അവസരമൊരുക്കുന്ന DigiLocker-നെ കേന്ദ്രീകരിച്ചായിരുന്നു ആദ്യ അദ്ധ്യായം.

&&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&